ദേശീയ പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷന് ലഭിക്കുന്ന ധനസഹായം

*8 [95] ശ്രീ. സി. കെ. സദാശിവൻ:

,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് നാളിതുവരെ എന്തു തുകയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന വായ്പ എപ്രകാരമാണ് സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ ലഭിച്ച തുകയിൽ എന്തു തുക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്;

(ഡി) വായ്പ വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്തു വയ്ക്കുമോ;

(ഇ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ രൂപീകരണം താമസിച്ചു എന്ന കാരണത്താൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ധനസഹായം ലഭിക്കാതെ പോയിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് നഷ്ടപ്പെട്ടത്?

എക്സൈസ് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ):

(എ) ഇതുവരെ 5·45 കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് വായ്പയായിട്ടാണ് ടി തുക ചെലവഴിക്കുന്നത്. പിന്നോക്ക വിഭാഗങ്ങളിൽപെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും (അതായത് വാർഷിക വരുമാനം 11,000 രൂപയിൽ താഴെ) അതുപോലെതന്നെ വാർഷിക വരുമാനം 11,000 രൂപയ്ക്കും 22,000 രൂപയ്ക്കും ഇടയിലുള്ളവർക്കുമാണ് സ്വയംതൊഴിൽ പദ്ധതി പ്രകാരം ഇപ്പോൾ ധനസഹായം നൽകിവരുന്നത്.

(സി) ദേശീയ കോർപ്പറേഷനിൽനിന്നും ലഭിച്ച 5·45 കോടി രൂപയും സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിഹിതമായ 0·86 ലക്ഷം രൂപയുമുൾപ്പെടെ മൊത്തം 6·31 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) വായ്പ വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിന് മുൻപുതന്നെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള വനിതാവികസന കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷനുകളെ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ചാനലൈസിംഗ് ഏജൻസികളായി സർക്കാർ പ്രഖ്യാപിക്കുകയും ദേശീയ കോർപ്പറേഷന്റെ ധനസഹായം ഈ കോർപ്പറേഷനുകളിലൂടെ കേരളത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മിച്ചഭൂമി വിതരണം

*9 [96] ശ്രീ. എ. സി. ഷൺമുഖദാസ്:
,, ബി. രാഘവൻ:
,, ജോർജ് മസ്ക്രീൻ:
,, ജോർജ് ജെ. മാത്യു:
,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) മിച്ചഭൂമി ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ മിച്ചഭൂമി ഏറ്റെടുക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറ്റെടുത്ത മിച്ചഭൂമിയിൽ ഇനി വിതരണം ചെയ്യുവാൻ എത്ര ഹെക്ടർ ഭൂമിയുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ഇതിൽ കേസ് നടന്നുകൊണ്ടിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് ജില്ല തിരിച്ച കണക്കുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) മിച്ചഭൂമിയെ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുവാൻ താലൂക്ക് ലാൻഡ് ബോർഡുകളിൽ വരുന്ന കാലതാമസംമൂലം മിച്ചഭൂമി അർഹതയില്ലാതെ കൈവശക്കാർ വച്ചുകൊണ്ടിരിക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മിച്ചഭൂമി കേസുകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ ലാൻഡ് ബോർഡുകൾക്ക് നിർദ്ദേശം നൽകുമോ;

(എച്ച്) മിച്ചഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതിൽ ഗവൺമെന്റ് പ്ലീഡർമാരുടെ അനാസ്ഥമൂലം കാലതാമസം നേരിടുന്നുണ്ടോ;

(ഐ) ഉണ്ടെങ്കിൽ കേസുകളുടെ സത്വരമായ നടത്തിപ്പിന് ഗവൺമെന്റ് പ്ലീഡർമാർക്ക് കർശന നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കണം. അതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണം നടത്താൻ സംസ്ഥാന ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന ഉദ്ദേശത്തോടെയാണ്, അഭിലാഷത്തോടെയാണ് ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1996 മാർച്ച് മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ 12.15-ന് പിരിഞ്ഞു.)

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8 (95) കാണുക]

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിതരണം ചെയ്ത വായ്പയുടെ വിവരം

ജില്ല തിരിച്ചുള്ള കണക്കുകൾ

ക്രമ നമ്പർ	ജില്ല	ചെലവഴിച്ച തുക (ലക്ഷത്തിൽ)
(1)	(2)	(3)
1.	തിരുവനന്തപുരം	189.804
2.	കൊല്ലം	61.684
3.	പത്തനംതിട്ട	25.143
4.	ആലപ്പുഴ	98.868
5.	കോട്ടയം	59.514
6.	ഇടുക്കി	32.509
7.	എറണാകുളം	51.157
8.	തൃശ്ശൂർ	17.892
9.	പാലക്കാട്	23.817
10.	മലപ്പുറം	25.215
11.	കോഴിക്കോട്	20.408
12.	വയനാട്	5.761
13.	കണ്ണൂർ	13.113
14.	കാസർഗോഡ്	6.853
	ആകെ	631.738

LIBRARY ARCHIVES Kerala Legislative Assembly